എന്നീ ഷെഡ്യൂളുകളുടെ 6 ട്രിപ്പുകൾ വരുമാനം കൂടുതൽ ലഭിക്കുന്നതിനുവേണ്ടി ബൈറൂട്ടുകൾ ഒഴിവാക്കി നാഷണൽ ഹൈവേയിൽക്കൂടി സർവ്വീസുകൾ നടത്തി വരികയാണ്.

(ഡി) ഉണ്ട്. ഷോർട്ട് വീൽ ബെയ്സ്ഡ് ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആലപ്പുഴ - അമ്പലപ്പുഴ തീരദേശ റൂട്ടുകളിൽക്കൂടി ലാഭകരമായി നടത്തുവാൻ കഴിയുന്നരീതിയിൽ സർവ്വീസുകൾ ആരംഭിക്കുവാൻകഴിയുമോ എന്നകാര്യം പരിശോധിക്കുന്നതാണ്.

തിരുവനന്തപുരം സെൻട്രൽ ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനം

178 (628) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. നിർമ്മിക്കുന്ന ആധുനിക ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) തിരുവനന്തപുരം സെൻട്രൽ ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത ബസ് ടെർമിനൽ-കം-ഷോപ്പിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പ്രസ്തുത ടെർമിനലുകൾക്ക് പുറമെ മറ്റെവിടെയൊക്കെ ഇത്തരം പുതിയ ടെർമിനലുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യ പ്രാധാന്യമുള്ള ബസ്സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു. ഒന്നാംഘട്ടമായി 30 ബസ് സ്റ്റേഷനുകളിലും അനന്തരം രണ്ടാംഘട്ടമായി 29 ബസ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാംഘട്ടമായി 30 ബസ് സ്റ്റേഷനുകളിൽ അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ), പേരൂർക്കട, സ്റ്റാഫ് ട്രെയിനിങ് സെൻട്രൽ (ഫോർട്ട്, തിരുവനന്തപുരം), മലപ്പുറം, തിരുവല്ല, കരുനാഗപ്പള്ളി എന്നീ ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ബി.ഒ.റ്റി. അടിസ്ഥാനത്തിൽ കേരളാ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.റ്റിഡി.എഫ്.സി.) മുഖാന്തിരം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിൽ അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ പണികൾ പൂർത്തീകരിച്ച് ജനുവരി 19-ന് ഉദ്ഘാടനംചെയ്തു. കോഴിക്കോട്, തിരുവല്ല, തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ) എന്നിവിടങ്ങളിൽ പണി ആരംഭിച്ച് പുരോഗതിയിലാണ്.

(ബി) തിരുവനന്തപുരം സെൻട്രൽ ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനം 2012-ജൂണിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഈ പ്രോജക്ടുകൾ കെ.എസ്.ആർ.ടി.സി.-യിൽ തയ്യാറാക്കുന്നതിനും അതിനുള്ള കണക്കുകൾ ശരിയാക്കുന്നതിനും പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ മൊത്തത്തിലുള്ള സർവ്വേ, മണ്ണ് പരിശോധന, ആർക്കിടെക്ടിനെ നിശ്ചയിക്കൽ പ്രോജക്ടിന്റെ പ്രാഥമിക രൂപകൽപ്പന, കൂടുതൽ ചർച്ചകൾക്കുശേഷമുള്ള അന്തിമ രൂപകൽപ്പന വിവിധ വകുപ്പുകളിൽനിന്നുള്ള അംഗീകാരംതേടൽ, ദർഘാസ് വിളിക്കൽ തുടങ്ങി വിവിധ നടപടികൾ ഇത്തരം കാര്യങ്ങൾ നടപ്പാക്കുമ്പോൾ ചെയ്യേണ്ടതുണ്ട്. വളരെ പരിമിതമായ സൗകര്യങ്ങളിൽനിന്നാണ് ഇപ്പോഴുള്ള പ്രോജക്ടുകൾതന്നെ നടപ്പാക്കിവരുന്നത്. കൂടുതൽ സാങ്കേതിക വിദഗ്ദ്ധരെ നിയമിച്ച് പ്രവൃത്തികൾ ത്വരിതപ്പെടുത്താനുള്ള തീരുമാനം പരിഗണനയിലാണ്.

(ഡി) ഈഞ്ചക്കലിൽ ഒരു ഇന്റർ സ്റ്റേറ്റ് ബസ്സ് ടെർമിനൽ നിർമ്മിക്കുവാൻ അംഗീകാരം നൽകിക്കഴിഞ്ഞു. കൂടാതെ പാലക്കാട്, നെടുമങ്ങാട്, തൊടുപുഴ, പയ്യന്നൂർ എന്നിവിടങ്ങളിൽ നിർമ്മാണത്തിനായി രൂപരേഖ തയ്യാറാക്കി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

ഈഞ്ചക്കലിൽ നിർമ്മിക്കുന്ന ബസ് ടെർമിനൽ

179 (629) ശ്രീ. എൻ. ശക്തൻ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഈഞ്ചക്കലിൽ നിർമ്മിക്കുന്ന നിർദ്ദിഷ്ട ബസ് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) ഇതിനാവശ്യമായ സ്ഥലം പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) ഇതിന്റെ ഒന്നാംഘട്ടത്തിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ ബസ് ടെർമിനലിൽനിന്നും ദീർഘദൂര സർവ്വീസുകളും അന്തർ സംസ്ഥാന സർവ്വീസുകളും എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പദ്ധതി സഹായത്തോടെയുള്ള B.O.T. പദ്ധതിയായി ഈഞ്ചക്കൽ ബസ് ടെർമിനൽ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരംനൽകി കഴിഞ്ഞു. ഇതിന്റെ രൂപരേഖ തയ്യാറാക്കി കെ.എസ്.ആർ.ടി.സി. ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly